بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ

**ജുമുഅഃ ഖുത്വ്ബ**

**സംഗ്രഹം**

**19-12-2025**

# നബിതിരുമേനി(സ)യുടെ ഉദാത്ത മാതൃക

സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് (അയ്യദഹുല്ലാഹ്..) യു.കെ യിലെ മസ്ജിദ് മുബാറക്കിൽ വച്ച് നിർവഹിച്ചത്

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ

اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ -

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ الرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ○

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

لَقَدْ كَانَ لَكُمْ فِيْ رَسُوْلِ اللّٰهِ اُسْوَةٌ حَسَنَةٌ لِّمَنْ كَانَ يَرْجُوا اللّٰهَ وَالْيَوْمَ الْاٰخِرَ وَذَكَرَ اللّٰهَ كَثِيْرًا ﴿٢٢﴾

തശഹ്ഹുദ്, തഅവ്വുദ്, സൂറത്തുൽ ഫാത്തിഹ എന്നിവ പാരായണം ചെയ്ത ശേഷം ഹുസൂർ അൻവർ (അയ്യദഹുല്ലാഹ്) സൂറ: അഹ്സാബിലെ 22-ാം വചനം ഓതി അതിന്റെ തർജ കേൾപ്പിച്ചു. തർജമ ഇപ്രകാരമാണ്: തീർച്ചയായും നിങ്ങൾക്ക് അല്ലാഹുവിന്റെ ദൂതനിൽ ഉത്തമമായ മാതൃകയുണ്ട്. അതായത് അല്ലാഹുവിനെയും അന്ത്യദിനത്തെയും പ്രതീക്ഷിക്കുകയും അല്ലാഹുവിനെ ധാരാളമായി സ്മരിക്കുകയും ചെയ്യുന്നവർക്ക്. (അൽ-അഹ്സാബ്: 22)

ഹുസൂർ തിരുമനസ്സ് പറഞ്ഞു:

തിരുനബി (സ)യുടെ ഉന്നത ധാർമികഗുണങ്ങളെക്കുറിച്ചും അവിടുത്തെ മാതൃകയെക്കുറിച്ചും ഒരാൾ ഹദ്റത്ത് ആയിശ (റ)യോട് ചോദിച്ചു. അപ്പോൾ അവർ നൽകിയ മറുപടി ഇപ്രകാരമായിരുന്നു: നിങ്ങൾ ഖുർആൻ വായിച്ചിട്ടില്ലേ? അതിൽ അല്ലാഹു തന്നെ അവിടുത്തെ മാതൃകയെക്കുറിച്ച് സാക്ഷ്യം നൽകിയിട്ടുണ്ട്. അല്ലാഹു അരുളുന്നു: **വഇന്നക്ക ല അലാ ഖുൽഖിൻ അളീം** പ്രവാചകരേ നിശ്ചയമായും താങ്കൾ ഉന്നത ധാർമികഗുണങ്ങളിൽ നിലകൊള്ളുന്നവനാകുന്നു. (അൽ-ഖലം: 5).

ഒരു കാര്യത്തിന്റെ അത്യുന്നത നിലവാരത്തിലുള്ളവരാണല്ലോ മാതൃകകളായിത്തീരുന്നത്. തിരുനബി (സ)യെ സംബന്ധിച്ചിടത്തോളം, അല്ലാഹുവിനോടുള്ള കടമകൾ നിർവഹിക്കുന്ന കാര്യത്തിലാകട്ടെ, മനുഷ്യരോടുള്ള കടമകൾ നിർവഹിക്കുന്ന കാര്യത്തിലാകട്ടെ രണ്ടിലും അവിടുന്ന് അത്യുന്നത സ്ഥാനം അലങ്കരിച്ചിരുന്നു വെന്ന് അല്ലാഹു തന്നെ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. അതുകൊണ്ടാണ് അല്ലാഹു നമ്മോട് അരുളിയത്: ഈ പ്രവാചകൻ നിങ്ങൾക്ക് ഉത്തമ മാതൃകയാണ് എന്ന്. തിരുമേനിയുടെ വചനങ്ങൾ കേൾക്കുക മാത്രമല്ല, അവ ജീവിതത്തിൽ പകർത്തുകയും വേണം. കേവലം വിശ്വാസം മാത്രം മതിയാകില്ല.നിങ്ങൾപ്രവർത്തിക്കുകയും ചെയ്യുമ്പോൾ മാത്രമേ ഈ പ്രവാചകനെ അയച്ചതിന്റെ ലക്ഷ്യം നിങ്ങൾക്ക് കൈവരിക്കാൻ സാധിക്കൂ. ഇത് ഓരോ മുസ്ലിമിന്റെയും മുഅ്മിനിന്റെയും ഉത്തരവാദിത്വമാണ്. ഇതാണ് നബിതിരുമേനിയുടെ സ്ഥാനം. തിരുനബി(സ) തന്നെ അരുളിയിട്ടുണ്ട്: നിങ്ങൾ എന്റെചര്യകൾ(സുന്നത്ത്) പിന്തുടരുക, എന്റെ കർമ്മങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുക. എന്തെന്നാൽ നിങ്ങളെ പരിഷ്കരിക്കാനായിട്ടാണ് അല്ലാഹു എന്നെ

അയച്ചിരിക്കുന്നത്. അവിടുന്ന് വീണ്ടും പറയുന്നു: ഉന്നത ധാർമികഗുണങ്ങളുടെ പൂർത്തീകരണത്തിനായാണ് ഞാൻ നിയോഗിക്കപ്പെട്ടിട്ടുള്ളത്. സകല സൽഗുണങ്ങളും തികവാർന്ന നിലയിൽ ഉൾക്കൊള്ളുന്ന ഒരാൾക്ക് മാത്രമേ ധാർമികഗുണങ്ങളുടെ പൂർത്തീകരണം നടത്താൻ കഴിയൂ. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനി (റ) തന്റെ ***ദീബാച്ച തഫ്സീറുൽ ഖുർആൻ*** എന്ന ഗ്രന്ഥത്തിൽ ചില കാര്യങ്ങൾ വിവരിച്ചിട്ടുണ്ട്. അവിടുത്തെ സ്വഭാവത്തെക്കുറിച്ചും ജീവിതചര്യയെക്കുറിച്ചും നമ്മുടെ ചരിത്രഗ്രന്ഥങ്ങളിലുമുണ്ട്. അവയിൽ ചിലത് ഇന്ന് ഞാൻ ചുരുക്കത്തിൽ വിവരിക്കാം. ഇനി അവസരം ലഭിക്കുമ്പോഴെല്ലാം ഇവയുടെ വിശദീകരണങ്ങൾ നല്കികൊണ്ടിരിക്കും.

ആദ്യത്തെ കാര്യം അല്ലാഹുവിനോടുള്ള കടമകളാണ്. അതായത് ദൈവാരാധനയാകുന്ന കടമ. ഈ കാര്യത്തിൽ തിരുനബി (സ)യുടെ മാതൃക എന്താണ് കാണാൻ കഴിയുന്നത്? അവിടുത്തെ ജീവിതം മുഴുവൻ ദൈവാനുരാഗത്തിൽ മുഴുകിയതായി നമുക്ക് കാണാൻ കഴിയും. പുതിയൊരു ശരിഅത്ത് നടപ്പിലാക്കുക, ജനങ്ങളെ സംസ്കരിക്കുക തുടങ്ങിയ വലിയ ഉത്തരവാദിത്വങ്ങൾ നിർവഹിക്കാൻ ഉണ്ടായിരുന്നിട്ടും അല്ലാഹുവിനോടുള്ള കടമയായ ആരാധനയുടെകാര്യത്തിൽ അവിടുന്ന് ഒരിക്കലും വീഴ്ച വരുത്തിയില്ല.ഇത് ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ്. തിരുമേനിക്ക് പ്രയാസങ്ങൾ നേരിട്ടു, യുദ്ധത്തിനു പോകേണ്ടി വന്നു, ശത്രുക്കൾ ആക്രമിക്കുകയുംചെയ്തു. ഇതിനിടയിലും ആരാധയുടെ കാര്യത്തിൽ അവിടുന്ന് കുറവ് വരുത്തിയില്ല. എല്ലാ സാഹചര്യങ്ങളിലും നാം അല്ലാഹുവിനെ മുന്നിൽ വെയ്ക്കുക എന്നമാതൃകയാണ് നമ്മുടെമുൻപാകെയുള്ളത്. നാം അല്ലാഹുവിന് പ്രാമുഖ്യം ൽകുന്നതായാൽ നമ്മുടെ പല പ്രശ്നങ്ങളും സ്വയം പരിഹരിക്കപ്പെട്ടുകൊണ്ടേ പോകും സ്വന്തം പ്രശ്നപരിഹാരങ്ങൾക്കായി ദുആ ചെയ്തുവെങ്കിലും അല്ലാഹുവിനോടുള്ള കടമകൾ നിർവഹിക്കാറില്ലെന്ന് ചിലർപറയാറുണ്ട്. അല്ലാഹുവിനോടുള്ള കടമ നിർവ്വഹിക്കാത്തതുകൊണ്ട് അവർക്ക് അനുഗ്രഹങ്ങൾ നഷ്ടപ്പെടുന്നു.

തിരുനബി (സ)യുടെ ആരാധനയുടെ നിലവാരം എങ്ങനെയുള്ളതായിരുന്നു? രാവേറെ പിന്നിട്ട് അർദ്ധരാത്രിയാകുമ്പോഴേക്കും അവിടുന്ന് ആരാധനയ്ക്കായി എഴുന്നേൽക്കുമായിരുന്നു. ഇതിന് അല്ലാഹു തന്നെ സാക്ഷ്യംനൽകിയിട്ടുണ്ട്. അതുപോലെ, തിരുനബി(സ)യുടെ ജീവിതത്തിൽ കാണുന്ന മറ്റൊരു പ്രധാന കാര്യമാണ് അല്ലാഹുവിന്റെ വചനങ്ങൾ കേൾക്കുമ്പോൾ സ്വയമറിയാതെ തിരുമേനിയുടെ കണ്ണുകളിൽകണ്ണീർ നിറയുമായിരുന്നു. പ്രത്യേകിച്ച് അവിടുത്തെഉത്തരവാദിത്തങ്ങളെക്കുറിച്ച് ഓർമ്മിപ്പിക്കുന്ന വചനങ്ങൾ കേൾക്കുമ്പോൾ. ഒരിക്കൽ റസൂൽ (സ) യുടെ നിർദേശപ്രകാരം ഹദ്റത്ത് അബ്ദുള്ള ബിൻ മസ്ഊദ് (റ) സൂറ: നിസാഇലെ വചനങ്ങൾഓതിക്കേൾപ്പിക്കാൻതുടങ്ങി. ഓതിക്കൊണ്ടിരിക്കെ 'ഓരോ സമുദായത്തിൽ നിന്നും അവരുടെ പ്രവാചകനെ അവരുടെ മുന്നിൽ നിർത്തിക്കൊണ്ട് ആ സമുദായത്തിന്റെ വിചാരണ നടത്തുകയും, നിന്നെയും നിന്റെ സമുദായത്തിന് മുന്നിൽ നിർത്തിക്കൊണ്ട് അവരുടെ വിചാരണ നടത്തുകയും ചെയ്യുന്ന ആ സന്ദർഭത്തിൽ (അവരുടെ) അവസ്ഥ എന്തായിരിക്കും?' എന്ന വചനത്തിലെത്തി. അപ്പോൾ തിരുനബി (സ) പറഞ്ഞു: മതി, ഇനി നിർത്തൂ. ആ സ്വഹാബി പറയുന്നു: ഞാൻ നോക്കിയപ്പോൾ അവിടുത്തെ രണ്ട് കണ്ണുകളിൽ നിന്നും കണ്ണുനീർ തുള്ളികൾ ഇറ്റുവീഴുകയായിരുന്നു. അത്രയേറെ ദൈവഭയം തിരുമേനിയെ ആവരണം ചെയ്തിരുന്നു. തന്റെ ഉമ്മത്ത് അല്ലാഹുവിന്റെ അപ്രീതിക്ക് കാരണമാകുന്ന വല്ലതും ചെയ്യുമോ എന്നും അവർക്കെതിരായി സാക്ഷി പറയേണ്ടി വരുമോ എന്നും അവിടുന്ന് അത്യധികം വ്യാകുലപ്പെട്ടിരുന്നു.

നമസ്കാരത്തിന്റെ കാര്യത്തിൽ അവിടുത്തേക്ക് വലിയ നിഷ്ഠയുണ്ടായിരുന്നു. കഠിനമായ രോഗാവസ്ഥയിൽ പോലും, ഇരുന്നു നമസ്കരിക്കാൻ അനുവാദമുണ്ടായിട്ടും, അവിടുന്ന് മറ്റുള്ളവരുടെ സഹായത്തോടെ പള്ളിയിലേക്ക് പോകുമായിരുന്നുവെന്ന് ചരിത്രത്തിൽ കാണാം.

അതുപോലെ, വളരെ പ്രയാസം പേറി ആരാധനകൾ അനുഷ്ഠിക്കുന്നത് അവിടുന്ന് ഇഷ്ടപ്പെട്ടിരുന്നില്ല. ആരാധനകളിൽ ഇത്ര ശ്രദ്ധ കാണിച്ചിരുന്ന അവിടുന്ന് പറഞ്ഞിരുന്നത് കാഠിന്യം പാടില്ല എന്നാണ്. ഓരോരുത്തരും തങ്ങളുടെ മനസ്സിന് ഉന്മേഷമുള്ളിടത്തോളം നേരം ആരാധിക്കണമെന്നുംതളരുമ്പോൾ വിശ്രമിക്കണമെന്നും സ്വയം കഷ്ടപ്പെടുത്തിയുള്ള ആരാധന കൊണ്ട് ഒരു ഗുണവുമില്ലെന്നും അവിടുന്ന് പറഞ്ഞു.

ഇക്കാലത്തെ ആളുകളോട് ഒരു കാര്യം പറയട്ടെ, പ്രയാസത്തിൽ അകപ്പെടുത്തേണ്ടതില്ലാത്തതിനാൽ ഒരു കടമ നിർവഹണമെന്നോണം ഒഴിഞ്ഞുപോട്ടെ എന്നു കരുതി ധൃതിയിൽ നമസ്കരിക്കുക എന്നല്ല ഇതുകൊണ്ട് അർഥമാക്കുന്നത്. ഇവിടെ ആളുകൾ എന്നോട് പലപ്പോഴും ചോദിക്കാറുണ്ട് നമസ്കരിക്കേണ്ടത് എങ്ങിനെയെന്ന്. നമസ്കാരം മര്യാതപൂർവം മനോഹരമായി അനുഷ്ഠിണ്ടതാണ്.

ഇനി അല്ലാഹുവിന്റെ മുൻപിൽ വിനയപ്രകടനത്തിന്റെ കാര്യം എടുക്കാം. ഒരിക്കൽസഹാബാക്കൾ നബിതിരുമേനി(സ)യോട് പറഞ്ഞു: അങ്ങ് സ്വന്തം കർമ്മങ്ങളുടെ ബലത്താൽ ദൈവാനുഗ്രഹം കരസ്ഥമാക്കുന്നതാണ്. അതായത് സ്വർഗത്തിൽ പ്രവേശിക്കുന്നതാണ്. എന്തെന്നാൽ അല്ലാഹു അങ്ങേയ്ക്ക് സാക്ഷ്യപത്രം നല്കുകയും അങ്ങയുടെ മാതൃകയെ മുസ്‌ലീങ്ങൾക്കായി പ്രവർത്തനമാനദണ്ഡമായി പ്രഖ്യാപിക്കുകയും ചെയ്തിരിക്കയാണല്ലോ. അപ്പോൾ അവിടുന്ന് പറഞ്ഞു: ഒരിക്കലുമില്ല, അല്ലാഹുവിന്റെ ഔദാര്യം കൊണ്ടല്ലാതെ എനിക്കും രക്ഷ ലഭിക്കുന്നതല്ല. പിന്നീട് അവിടുന്ന് ഉപദേശിച്ചു: സത്കർമങ്ങൾ അനുഷ്ഠിക്കുകയും ദൈവസാമീപ്യത്തിന്റെ മാർഗങ്ങൾ തേടുകയും ചെയ്യുക. നിങ്ങളിൽ ആരും മരണത്തിനായി ആഗ്രഹിക്കരുത്. ഒരാൾ നല്ലവനാണെങ്കിൽ, അയാൾ ജീവിച്ചിരുന്നുകൊണ്ട് തന്റെ സൽപ്രവൃത്തികളിൽ മുന്നേറാൻ കഴിയും. ഇനി മോശപ്പെട്ടവനാണെങ്കിൽ,അയാൾക്ക് തൗബ(പശ്ചാത്താപം) ചെയ്യാനുള്ള അവസരം ലഭിക്കും. മരണം ആഗ്രഹിക്കരുത് എന്നത് നാം ഓർത്തുവയ്ക്കേണ്ട ഒരു സുപ്രധാന ഉപദേശമത്രേ.

നബിതിരുമേനി(സ)യുടെ വ്യത്തികളെക്കുറിച്ച് ഹദ്റത്ത് ആയിശ (റ) ഒരിടത്ത് പ്രസ്താവിക്കുന്നു: നബിതിരുമേനിയുടെ മുന്നിൽ രണ്ട് വഴികൾ തുറക്കപ്പെടുമ്പോൾ അവയിൽ അവിടുന്ന് എളുപ്പമുള്ള വഴി തിരഞ്ഞെടുക്കാത്ത സന്ദർഭം അവിടുത്തെ ജീവിതത്തിൽ ഉണ്ടായിട്ടില്ല. എന്നാൽ പ്രസ്തുത എളുപ്പ മാർഗത്തിൽ തരിമ്പും പാപം ഉണ്ടാകരുതെന്നത് തിരുമേക്ക് നിർബന്ധമായിരുന്നു.

മനുഷ്യരുമായുള്ള ബന്ധത്തെക്കുറിച്ച് പറയുമ്പോൾ അവിടുത്തെ വീട്ടിൽ നിന്ന് തന്നെ തുടങ്ങാം. ഭാര്യമാരോട് അവിടുന്ന് എങ്ങനെയായിരുന്നു പെരുമാറിയത്? അങ്ങേയറ്റം ദയാപൂർവ്വവും നീതിയുക്തവുമായ രീതിയിൽ. ഇക്കാലത്തെ ജനങ്ങൾ ഇത്മനസ്സിലാക്കുകയാണെങ്കിൽ വീടുകളിലെ പല തർക്കങ്ങളും കലഹങ്ങളും ഇല്ലാതായേനെ.

നബിതിരുമേനി(സ)യുടെ സഹിഷ്ണുതയെ സംബന്ധിച്ച് പറയട്ടെ,അല്ലാഹു തിരുമേനിക്ക് ഭരണം നൽകിയപ്പോഴും അവിടുന്ന് എല്ലാവരുടെയും വാക്കുകൾ ശ്രദ്ധിച്ചു കേൾക്കുമായിരുന്നു. ആരെങ്കിലും കർക്കശമായി പെരുമാറിയാൽ പോലും അവിടുന്ന് നിശബ്ദനാകുമായിരുന്നു. ചിലപ്പോൾ ആളുകൾ തിരുമേനിയുടെ വഴി തടഞ്ഞുനിന്നുകൊണ്ട് തങ്ങളുടെ ആവശ്യങ്ങൾ വിവരിക്കാൻ തുടങ്ങുമായിരുന്നു. അവർക്ക് പറയാനുള്ളത് മുഴുവനും ശ്രവിച്ചു കഴിഞ്ഞിട്ടേ അവിടുന്ന് മുന്നോട്ടു പോയിരുന്നുള്ളൂ.

ഇങ്ങനെ തിരുനബി (സ)യുടെ ജീവിത്തിൽ ഇനിയും ഒരുപാട് കാര്യങ്ങളുണ്ട്. അവിടുത്തെ നീതിയെക്കുറിച്ചും വികാരങ്ങളെ ബഹുമാനിക്കുന്നതിനെക്കുറിച്ചും ദരിദ്രരോടുള്ള പരിഗണനയെക്കുറിച്ചുമുള്ള കാര്യങ്ങൾ നമുക്ക് എന്നും ഒരു ഉത്തമ മാതൃകയാണ്. അതുകൊണ്ട്, അവിടുത്തെ ജീവിതമാതൃക പിന്തുടർന്ന് യഥാർത്ഥ മുസ്ലീങ്ങളാകാൻ അല്ലാഹു നമുക്ക് തൗഫീഖ് നൽകട്ടെ. ലോകത്തെ അവിടുത്തെ കൊടിക്കീഴിൽ കൊണ്ടുവരാൻ തക്കവിധം അവിടുത്തെ സന്ദേശം ലോകമെങ്ങും എത്തിക്കുന്നവരായി മാറാൻ അല്ലാഹു നമ്മെ അനു

ഗ്രഹിക്കട്ടെ. അല്ലാഹു നമുക്ക് അതിന് തൗഫീഖ് നൽകട്ടെ. ***അല്ലാഹുമ്മ സ്വല്ലി അലാ മുഹമ്മദിൻ വ അലാ ആലി മുഹമ്മദിൻ വ ബാരിക് വ സല്ലിം ഇന്നക്ക ഹമീദുൻ മജീദ്.*** ഖുത്ബയുടെ അവസാനം ഹുസൂർ തിരുമനസ്സ് ബഹുമാനപ്പെട്ട ലയീഖ് അഹമ്മദ് താഹിർ സാഹിബിന്റെ ജനാസ ഹാളിറും മാലിയിലെ സെഗൂ റീജിയൻ നായിബ് സദർ ആയിരുന്ന ബഹുമാനപ്പെട്ട സീഗ ജാലോ സാഹിബിന്റെ ജനാസ ഗായിബും നമസ്കരിപ്പിക്കുമെന്ന് വിളംബരം ചെയതതിനു ശേഷം മർഹൂമീങ്ങളെ അനുസ്മരിക്കുകയും അവരുടെ മഗ്ഫിറത്തിനും ഉന്നത പദവിക്കും വേണ്ടി പ്രാർഥിക്കുകയും ചെയ്തു.

اَلْحَمْدُ لِلّٰہِ نَحْمَدُہٗ وَ نَسْتَعِیْنُہٗ وَ نَسْتَغْفِرُہٗ وَنُؤْمِنُ
بِہٖ وَ نَتَوَکَّلُ عَلَیْہِ وَ نَعُوْذُ بِاللّٰہِ مِنْ شُرُوْرِ اَنْفُسِنَا وَ
مِنْ سَیِّئَاتِ اَعْمَالِنَا مَنْ یَّھْدِہِ اللّٰہُ فَلَا مُضِلَّ لَہٗ وَمَنْ
یُضْلِلْہُ فَلَا ھَادِیَ لَہٗ۔ وَنَشْھَدُ اَنْ لَّآ اِلٰہَ اِلَّا اللّٰہُ وَنَشْھَدُ اَنَّ
مُحَمَّدًا عَبْدُہٗ وَ رَسُوْلُہٗ۔ عِبَادَ اللّٰہِ رَحِمَکُمُ اللّٰہُ اِنَّ اللّٰہَ یَاْمُرُ
بِالْعَدْلِ وَ الْاِحْسَانِ وَ اِیْتَاءِ ذِی الْقُرْبٰی وَ یَنْھٰی عَنِ الْفَحْشَاءِ
وَ الْمُنْکَرِ وَ الْبَغْیِ یَعِظُکُمْ لَعَلَّکُمْ تَذَکَّرُوْنَ اُذْکُرُوا اللّٰہَ
یَذْکُرْکُمْ وَادْعُوْہُ یَسْتَجِبْ لَکُمْ وَلَذِکْرُ اللّٰہِ اَکْبَرُ۔

**FRIDAY SERMON SUMMARY** DELIVERED BY**HAZRAT KHALIFATUL MASIH V(ATBA)**
ISLAMABAD UK ON 19.12.2025
SUMMARIZED BY MAJLIS ANSARULLAH BHARAT
MALAYALAM TRANSLATION BY BM ARIF MOHAMMED
FOR MALAYALAM DESK, QADIAN
PUBLISHED BY NAZARAT NASHR-O-ISHAAT,
SADR ANJUMAN AHMADIYYA QADIAN 143516